(6)	ഇടുക്കി	..	3321
(7)	എറണാകുളം	..	24323
(8)	തൃശ്ശൂർ	..	30104
(9)	പാലക്കാട്	..	11818
(10)	മലപ്പുറം	..	21472
(11)	കോഴിക്കോട്	..	39899
(12)	വയനാട്	..	3996
(13)	കണ്ണൂർ	..	15623
(14)	കാസറഗോഡ്	..	7454
	ആകെ	..	387370

(ബി) 2001 സെപ്റ്റംബർ വരെയുള്ള തൊഴിൽ രഹിതവേതനം വിതരണം ചെയ്തിട്ടുണ്ട്. 2001 ഒക്ടോബർ മുതൽ 2004 മേയ് മാസം വരെയുള്ള തൊഴിൽ രഹിതവേതന കുടിശ്ശിക 1,48,75,00,800 രൂപയാണ്.

(സി) 2001 ഒക്ടോബർ മുതൽ 3 മാസത്തെ തൊഴിൽരഹിത വേതന കുടിശ്ശിക നല്കാൻ നടപടി സ്വീകരിച്ചുവരുന്നു. കുടിശ്ശിക തുക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകുന്നതാണ്.

ലാസ്റ്റ് ഗ്രേഡ് നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കൽ

72 [526] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിലെ ലാസ്റ്റ് ഗ്രേഡ് നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന സർക്കാരിലെ ലാസ്റ്റ്ഗ്രേഡ് നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാക്കുന്ന കാര്യം പരിഗണനയിലില്ല.

അപ്രന്റീസ് ആക്ട് അനുസരിച്ച് സ്റ്റൈഫന്റ് വർദ്ധന

73 [527] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്രന്റീസ് ആക്ട് അനുസരിച്ച് പരിശീലനം നേടുന്നവർക്ക് ഇപ്പോൾ നൽകുന്ന സ്റ്റൈഫന്റ് എത്ര വീതമാണെന്നും, ഏതൊക്കെ കാറ്റഗറിയിലാണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര സർക്കാർ, അപ്രന്റീസ്മാരുടെ സ്റ്റൈഫന്റ് ഉയർത്തിയതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്റ്റൈഫന്റ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) കേന്ദ്ര സർക്കാർ നിരക്കു വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ ഇത് സംസ്ഥാനത്തും നടപ്പിലാക്കുമോ;

(ഇ) ഐ.റ്റി.ഐ., ഡിപ്ലോമ, ഡിഗ്രി എന്നിവ പാസ്സായിട്ടുള്ളവർക്ക് നിലവിലുള്ള സ്റ്റൈഫന്റ് എത്രയാണെന്നും; പുതുക്കിയ നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത പരിശീലനം പൂർത്തിയാക്കുന്നവരെ പരിശീലനം നടത്തിയ സ്ഥാപനത്തിൽ തന്നെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) അപ്രന്റീസ് ആക്ട് അനുസരിച്ച് പരിശീലനം നടുന്ന ട്രേഡ് അപ്രന്റീസുകൾക്ക് ഒന്നാം വർഷം പ്രതിമാസം 820 രൂപയും രണ്ടാം വർഷം പ്രതിമാസം 940 രൂപയും മൂന്നാം വർഷം പ്രതിമാസം 1090 രൂപയും നാലാം വർഷം പ്രതിമാസം 1230 രൂപയും നൽകി വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരിഗണനയിലില്ല.

(ഡി) കേന്ദ്ര സർക്കാർ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് ലഭിച്ചിട്ടില്ല.

(ഇ) ഐ.റ്റി.ഐ. പാസ്സായിട്ടുള്ള ട്രേഡ് അപ്രന്റീസുകളുടെ സ്റ്റൈഫന്റ് നിരക്ക് യഥാക്രമം ഒന്നാം വർഷം പ്രതിമാസം 820 രൂപയും രണ്ടാം വർഷം 940 രൂപയും മൂന്നാം വർഷം 1090 രൂപയും നാലാം വർഷം പ്രതിമാസം 1230 രൂപയുമാണ്. ഈ നിരക്ക് കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡിപ്ലോമ പാസ്സായവർക്കുള്ള സ്റ്റൈഫന്റ് 1160 രൂപയിൽ നിന്നും 1400 രൂപയായും ഡിഗ്രി പാസ്സായവർക്കുള്ള സ്റ്റൈഫന്റ് 1630 രൂപയിൽ നിന്നും 1970 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(എഫ്) 1961 അപ്രന്റീസ് ആക്ട് അനുസരിച്ച് അപ്രന്റീസ് പരിശീലനം പൂർത്തിയാക്കിയ സ്ഥാപനത്തിൽ തന്നെ സ്ഥിരപ്പെടുത്താൻ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly